# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1313. **06-03-2020 ൽ മറുപടിയ്ക്ക്**

## കാർഷികാവശ്യത്തിന് കുറഞ്ഞ നിരക്കിൽ വൈദ്യുതി കണക്ഷൻ

**ചോദ്യം**

ശ്രീ.മഞ്ഞളാംകുഴി അലി

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| (എ) കൃഷിക്കാർക്ക് കാർഷികാവശ്യത്തിനുള്ള വൈദ്യുത കണക്ഷൻ ലഭിയ്ക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണ്; ഇതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ; | (എ) കാർഷികാവശ്യത്തിനുള്ള വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള അപേക്ഷയോടൊപ്പം ആ പ്രദേശത്തെ കൃഷി ഓഫീസറുടെ സർട്ടിഫിക്കറ്റ് കൂടി കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.<br><br>കാർഷിക കണക്ഷൻ നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ താഴെപ്പറയും പ്രകാരമാണ്:<br>a) 30 സെന്റിൽ കുറയാതെ കൈവശഭൂമിയുള്ളവരും അതിൽ 75%ൽ കുറയാതെ കൃഷി ചെയ്തിട്ടുള്ളതുമായ വ്യക്തികൾ.<br>b) 10 സെന്റിൽ കുറയാതെ പച്ചക്കറി കൃഷി ചെയ്തിട്ടുള്ള കർഷകർ.<br>c) 5 സെന്റിൽ കുറയാതെ വെറ്റില കൃഷി ചെയ്തിട്ടുള്ള കർഷകർ.<br><br>31.08.1995 ലെ സർക്കാർ ഉത്തരവ് (എം എസ്) നമ്പർ 311/95/എ.ഡി പ്രകാരം 1995-96 സാമ്പത്തിക വർഷം മുതൽ നെൽകൃഷിക്കും , സ.ഉ.(എംഎസ്) നമ്പർ 235/98/എ.ഡി തീയതി 31.10.1998 പ്രകാരം 2 ഹെക്ടർ വരെയുള്ള എല്ലാ കാർഷിക വിളകൾക്കും 01/04/1997 മുതൽ മുൻകാലപ്രാബല്യത്തോടെ അനുവദനീയമാണ്. നെൽകൃഷിക്ക് ഭൂവിസ്തൃതിയുടെ പരിധിയില്ലാതെയാണ് ആനുകൂല്യം നൽകി വരുന്നത്. 25.05.2015 ലെ സ ഉ. (ആർ. റ്റി) നമ്പർ 945/15/എ.ഡി. പ്രകാരം 1 സെന്റ് മുതൽ 10 സെന്റ് വരെയുള്ള പോളി |

| | | | |
|---|---|---|---|
| | | | ഹൗസുകൾക്കും ഈ ആനുകൂല്യത്തിന് അർഹതയുണ്ട്. |
| (ബി) | കാർഷികാവശ്യത്തിന് കുറഞ്ഞ നിരക്കിൽ വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിന് ആവശ്യമായ മാർഗ്ഗനിർദ്ദേശം കൃഷി ഓഫീസർമാർ കർഷകർക്ക് നൽകാറില്ലായെന്ന ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം അപേക്ഷകളിൽ സമയബന്ധിതമായി നടപടി സ്വീകരിയ്ക്കുന്നതിന് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അർഹമായ അപേക്ഷകളിന്മേൽ സമയബന്ധിതമായി നടപടികൾ സ്വീകരിക്കണമെന്ന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | കാർഷികാവശ്യത്തിന് കിണർ കുഴിക്കുന്നതിനും മോട്ടോർ സ്ഥാപിക്കുന്നതിനും സഹായം നൽകിവരുന്നുണ്ടോ; എങ്കിൽ പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ? | (സി) | കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാൻമന്ത്രി കൃഷി സിഞ്ചായി യോജന (PMKSY) യിലെ *പെർ ഡ്രോപ്പ് മോർ ക്രോപ്പ്-അദർ ഇൻവെൻഷൻസ്* എന്ന ഘടകത്തിൽ വൈദ്യുതി, ഡീസൽ പമ്പുസെറ്റുകൾക്ക് 50% നിരക്കിൽ പരമാവധി 15,000/- രൂപ വരെ ധനസഹായം അനുവദിക്കുന്നുണ്ട്. സോളാർ പമ്പ് സെറ്റുകൾക്ക് 50% നിരക്കിൽ 50,000/- രൂപ വരെ ധനസഹായം നൽകുന്നു. PMKSY പദ്ധതി പ്രകാരം സംസ്ഥാനത്ത് ഇതേ വരെ 9798 പമ്പ്സെറ്റ് നൽകിയിട്ടുണ്ട്. കുഴൽക്കിണറുകളുടെ നിർമ്മാണത്തിന് പരമാവധി 25,000/- രൂപയും, കിണർ കുഴിക്കുന്നതിന് സമതല പ്രദേശങ്ങളിൽ വാല്യുവേഷൻ തുകയുടെ 50% നിരക്കിൽ 75,000/- രൂപ വരെയും, ഉയർന്ന പ്രദേശങ്ങളിൽ, വാല്യുവേഷൻ തുകയുടെ 50% നിരക്കിൽ 90,000/- രൂപ വരെയും ധനസഹായം നൽകുന്നുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി പമ്പ് സെറ്റുകൾക്കും കിണർ നിർമ്മാണത്തിനും സബ്സിഡി നൽകി വരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**